ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) സംസ്ഥാനത്തിന്റെ ആഭ്യന്തര കടം 2011-ലെ 48528.10 കോടി രൂപയിൽ നിന്ന് 31-10-2014-ൽ 83903.28 കോടി രൂപയായി (72.90%) വർദ്ധിച്ചിട്ടുണ്ട്.

(ബി) നടപ്പു സാമ്പത്തിക വർഷം നികുതി പിരിവിൽ വീഴ്ച വന്നിട്ടില്ല. എന്നാൽ ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിനെ അപേക്ഷിച്ച് നികുതി വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്. റവന്യൂ വരുമാനത്തിൽ ഉണ്ടാകുന്ന കുറവോ റവന്യൂ ചെലവിൽ ഉണ്ടാകുന്ന വർദ്ധനവോമൂലം ധനഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാൻ കഴിയുകയില്ല. എന്നിരുന്നാലും നടപ്പു സാമ്പത്തിക വർഷത്തിലെ അവസാനത്തോടുകൂടി യഥാർത്ഥ കണക്കുകൾ ലഭ്യമായാൽ മാത്രമേ ധന ഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാകുകയുള്ളൂ.

(സി) ധന ഉത്തരവാദിത്ത നിയമം പതിമൂന്നാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള ധനപരമായ ലക്ഷ്യങ്ങൾ ഉൾപ്പെടുത്തി ഭേദഗതി ചെയ്താൽ മാത്രമേ പ്രത്യേകാവശ്യങ്ങൾക്കുള്ള ഗ്രാന്റും ദേശീയ ചെറുകിട സമ്പാദ്യ പദ്ധതിയിൽ നിന്നും 2006-07 വർഷം വരെ എടുത്തിട്ടുള്ളതും 2009-10 വർഷത്തിന്റെ അവസാനം ബാക്കിയുള്ളതുമായ വായ്പകളുടെ പലിശ നേരത്തെയുണ്ടായിരുന്ന 9.5/10.50 ശതമാനത്തിൽ നിന്നും 9 ശതമാനമായി പുനർ നിശ്ചയിച്ച പ്രകാരമുള്ള പലിശയിളവ് ലഭിക്കുകയുള്ളൂവെന്ന് ശിപാർശ ചെയ്തിരുന്നു. ധനകാര്യ കമ്മിഷൻ ശിപാർശ പ്രകാരം ധന ഉത്തരവാദിത്ത നിയമം സംസ്ഥാനം ഭേദഗതി ചെയ്തതിന്റെ അടിസ്ഥാനത്തിൽ, പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാന്റ് സംസ്ഥാനത്തിന് ലഭിച്ചു വരുന്നു. എന്നാൽ പ്രസ്തുത നിയമത്തിലെ ധനപരമായ ലക്ഷ്യങ്ങൾ പാലിച്ചാൽ മാത്രമേ ദേശീയ ചെറുകിട സമ്പാദ്യ പദ്ധതിയിൽ നിന്നുള്ള വായ്പകളുടെ പലിശയിനത്തിലുള്ള ഇളവിന് സംസ്ഥാനങ്ങൾക്ക് അർഹതയുള്ളൂ വെന്ന് തുടർന്ന് കേന്ദ്രസർക്കാർ തീരുമാനിക്കുകയുണ്ടായി. ധനഉത്തരവാദിത്ത നിയമത്തിലെ ധനപരമായ ലക്ഷ്യങ്ങൾ കൈവരിക്കാത്തതിനാൽ ദേശീയ ചെറുകിട സമ്പാദ്യ പദ്ധതിയിൽ നിന്നുള്ള വായ്പകളുടെ പലിശയിളവ് സംസ്ഥാനത്തിന് ഇതുവരെ ലഭിച്ചിട്ടില്ല.

ബഹുതല ഓൺലൈൻ വിപണനം

10 (*190) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ .എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഹുതല ഓൺലൈൻ വിപണനം നിയമവിധേയമാക്കുന്നതിന്റെ ഭാഗമായി ഇതിനെ വ്യവസായമായി അംഗീകരിക്കുന്നതിന് ആവശ്യമായ നിയമ നിർമ്മാണം പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന പ്രധാന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) ഓൺലൈൻ വിപണനത്തിൽ നിന്നും വില്പന നികുതി ഈടാക്കുന്നതു സംബന്ധിച്ച് പ്രസ്തുത നിയമത്തിൽ എന്തെങ്കിലും വ്യവസ്ഥ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ&ബി) എല്ലാ വിധത്തിലുമുള്ള ബഹുതല വിപണന സംവിധാനവും സംസ്ഥാനത്ത് നിയമവിധേയമാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്ത് ബഹുതല വിപണനം നിയന്ത്രിക്കുന്നതിനുള്ള ഒരു കരട് ബിൽ സർക്കാർ പരിശോധിച്ചുവരുന്നു. ആയതിന്റെ അന്തിമരൂപം ആയിട്ടില്ല.

(സി) ഇക്കാര്യം നികുതി വകുപ്പുമായി കൂടിയാലോചിച്ച് പരിശോധിച്ചു വരികയാണ്.

പബ്ലിക് റിസ്ക് ഫണ്ട്

11 (*191) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ പബ്ലിക് റിസ്ക് ഫണ്ട് നടപ്പിലാക്കിയിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ ;

(ബി) പബ്ലിക് റിസ്ക് ഫണ്ട് നടപ്പിലാക്കുന്നത് വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നൽകിയിട്ടുള്ളത് ;

(ഡി) ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളും ബാങ്കുകളുമാണ് പദ്ധതി നടപ്പാക്കിയത് ; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly